


# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസീൻ
## 2018-19



ജി.എച്ച്.എസ്.എസ് ഉപ്പിലിക്കൈ

# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ

## 2018-2019




# ജി .എച്ച്.എസ്.എസ്

# ഉപ്പിലിക്കൈ

2

# ആമുഖം

**പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസംരക്ഷണയജ്ഞം എന്ന പദ്ധതി വികസിപ്പിച്ച് വരികയാണ്.പഠനം ലളിതവും ആനന്ദകരവുമാക്കുന്നതിന് പാഠ്യപദ്ധതിയിൽ വിവരസാങ്കേതിക വിദ്യയുടെ പ്രാധാന്യം അനിവാര്യമാണ്. "I.T" പഠനം പാഠപുസ്തകത്തിന്റെ പരിമിതികൾക്കപ്പുറത്തേക്ക് വ്യാപരിക്കാൻ "ഹായ് കുട്ടിക്കൂട്ടം" എന്ന പദ്ധതി ആവിഷ്കരിച്ചു.പ്രത്യേക പരിശീലന പദ്ധതി കുട്ടികളിൽ ഫലവത്തായി എത്തിക്കുന്നതിന് സ്കൂളുകളിൽ അധിക സമയ ക്ലാസ്സുകൾ,സബ്ജില്ലാ-തല ക്യാമ്പുകൾ തുടങ്ങിയ പരിപാടികൾ ആസൂത്രണം ചെയ്തുനടപ്പിലാക്കി.**

**2018-19 അധ്യായനവർഷത്തിൽ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ നടപ്പിലാക്കിയ ഈ പദ്ധതി "IT"മേഖലയിൽ അഭിരുചിയും കഴിവും ഉള്ള ഒരു ഹൈടെക്ക് ഭാവി തലമുറയെ വാർത്തെടുക്കാൻ പര്യാപ്തമാണ്. ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ പഠനസൗ-കര്യാർത്ഥം പ്രത്യേകം ലാപ്പ്ടോപ്പുകൾ, പൊജക്ടറുകൾ,ക്യാമറ മറ്റ് അനുബന്ധ ഉപകരണങ്ങൾ ഇതിന്റെ ഭാഗമായി വിദ്യാലയങ്ങളിലേക്ക് വിതരണം ചെയ്തു.**

**ലിറ്റിൽ കൈറ്റ്സ് മൊഡ്യൂളുകളുടെ ഭാഗമായിട്ടുള്ള വിവിധങ്ങളായ പഠന പ്രവർത്തനങ്ങളുടെ ഉൽപന്നമാണ് "നെറ്റിപ്പട്ടം" എന്ന ഈ ഡിജിറ്റൽ മാഗസീൻ.**



## സന്ദേശം

കുട്ടികളുടെ ശാസ്ത്ര സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന്
സർക്കാർ നടപ്പിലാക്കി
വരുന്ന "ലിറ്റിൽ കൈറ്റ്സിന്റെ" പ്രവർത്തനത്തിന്റെ ഭാഗമായി
സംഘടിപ്പിക്കുന്ന
“ഡിജിറ്റൽ മാഗസീനി"ന് എല്ലാവിധ ആശംസകളും നേരുന്നു.
കുട്ടികളുടെ ശാസ്ത്ര സാങ്കേതിക
അഭിരുചി വളരാൻ ഇത്തരം പ്രവർത്തനങ്ങൾ ഉപകരിക്കുമാറാകട്ടെ.

എന്ന്

പി.വി മോഹനൻ (പി.ടി.എ
പ്രസിഡന്റ്)

# സന്ദേശം



2018-19 അധ്യായനവർഷത്തെ ലിറ്റില്കൈറ്റ്സിന്റെ പ്രത്യേക പരിശീലന പരിപാടിയുടെ ഭാഗമായ ഡിജിറ്റൽ മാഗസീൻ പ്രസിദ്ധീകരിക്കുകയാണല്ലോ . വിദ്യാർത്ഥികൾക്ക് വിവരവിനിമയ സാങ്കേതിക രംഗത്തെ കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ഉള്ള അവസരമാണിത്. ഡിജിറ്റൽ മാഗസീനിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ഹെഡ്സ് മിസ്ട്രസ്

സാവിത്രി.എസ്

# പത്രാധിപ സമിതി

ചീഫ്എഡിറ്റർ: ഹെഡ് മിസ്ട്രസ് സാവിത്രി.എസ്
എഡിറ്റർ: തീർത്ഥ.കെ
സബ് എഡിറ്റർസ്:ശ്രീഹരി
കീർത്തന .എം
രേവതി അരവിന്ദ്.കെ
സൗപർണിക.എസ്.ആർ
അംഗങ്ങൾ : രഹ്ന്ൽ
ഘനശ്യാം
വിഷ്ണു ദാസ്
രശ്മി
ജിതിന
വിസ്മയ
മന്യ
നന്ദന
അനശ്രീ
അനരേഖ
ഗംഗ
ആദിത്യൻ.പി
വിഷ്ണു.കെ


# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ




# ലിറ്റിൽ കൈറ്റ്സ്

**ലിറ്റിൽ കൈറ്റ്സിന്റെ ഡിജിറ്റൽ മാഗസീൻ പ്രദർശിപ്പിക്കാൻ തീരുമാനിച്ചത് ജനുവരി 19 -നാണ്. അന്ന് വിശ്വപ്രസിദ്ധ കഥാകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനമാണ്**

## ഇമ്മിണി ബല്യ ഒരാൾ





# ബഷീർ കൃതികൾ



9

ജി.എച്ച്.എസ്.എസ് ഉപ്പിലിക്കൈ


ബഷീർ

# കഥതുടരുന്നു

**ഉപ്പിലിക്കൈ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ അക്കാദമികമാസ്റ്റർപ്ലാനുമായി കൈകോർത്ത് കഥതുടരുന്നു എന്ന പ്രേജക്ടിന്റെ ഭാഗമായി ......**

## കുട്ടിക്കഥാകാരികൾ






ബാലസാഹിത്യം




മികവിലേക്ക്
ചുവട്
2018 -നവംബർ













## ഉള്ളടക്കം

.നവകേരളസൃഷ്ടിക്കായി നമുക്ക് ഒരുമിക്കാം......................21
.പഴഞ്ചൊല്ലുകൾ..........................................................22
.കലിമഴ......................................................................23
.സന്ധ്യ.......................................................................24
.ആനയും പഴങ്ങളും.......................................................25
.ആരുഢം....................................................................26
.കടങ്കഥ....................................................................27
.ചിത്രശലഭം..............................................................28
.പൂച്ച.........................................................................29
.കർണ്ണൻ....................................................................30
.പറയൂ നീ കാറ്റേ........................................................31
.സമൃദ്ധിയുടെ ആപ്പിൾ തോട്ടം.........................................32
.പൂന്തോട്ടത്തിലെ പൂമ്പാറ്റ...............................................33
.പശു.........................................................................34
.കണ്ണീർ നിറഞ്ഞ ആ രാത്രി..............................................35
.കടങ്കഥകൾ................................................................36
.കേരളം......................................................................37
.മഞ്ഞുതുള്ളി................................................................38
.എന്റെ നാട്.................................................................39
.മുയൽക്കുട്ടന്മാരുടെ പ്രകൃതി സ്നേഹം.................................40
.വിസ്മയകാഴ്ച.............................................................41
.ഇംഗ്ലീഷ് കവിത..........................................................42
.പുലരി.......................................................................43
.ആച്ചയോട് പറഞ്ഞ കഥ..................................................44
.പ്രഭാതം....................................................................45
.നാടിന്റെ വെളിച്ചം.........................................................46
.കേരളനാട്..................................................................47
.കുഞ്ഞിക്കിളിക്ക് പറ്റിയ പറ്റ്..........................................48
.മിന്നും താരം............................................................. 49
.പ്രകൃതി.....................................................................50
.ചിത്രങ്ങൾ..................................................................51
.പ്രാദേശികം ..............................................................52-54
.നന്ദി.........................................................................55

# നവകേരള സൃഷ്ടിക്കായ് നമുക്ക് ഒരുമിക്കാം



പ്രളയത്തിന്റെ അവശേഷിപ്പുകൾ നമ്മൾ പതിയെ പതിയെ മറവിയിലേക്ക്അയക്കാൻ തുടങ്ങി. പ്രളയം താണ്ഡവമാടിയ ഇടങ്ങളിൽ പതിയെ പച്ചപ്പുണരാന്തുടങ്ങി. ഒക്ടോബർ വിപ്ലവ സ്മരണകളുയർത്തി പതുക്കെ വിടവാങ്ങി. നവംബർ 1 കേരളപ്പിറവിദിനമാണ്. 1956 -ൽ നാം സൃഷ്ടിച്ച ഐക്യകേരേളത്തിൽ ചെറുതല്ലാത്ത മുറിവുണ്ടാക്കിയാണ് പ്രളയം കടന്നുപോയത്.

ഭാഷ, സംസ്കാര സാമൂഹിക സവിശോഷതകളാൽ കേരളത്തോളം സമ്പന്നമായ മറ്റൊരിടം ഈ ഭൂമിയിലില്ല. ഇടയ്ക്കെപ്പോഴോ നാം മറന്ന കൂട്ടായ്മ പ്രകൃതിതന്നെ നമ്മളിലേക്കെത്തിച്ചു.പ്രളയ ദുരന്തത്തിൽ ഒരു ആഹ്വാനവും വേണ്ടിവന്നില്ല. പരസ്പരം താങ്ങായി , തണലായി നാം ഓരോരുത്തരും ഭരണകൂടത്തിന്റെ ആഹ്വാനങ്ങളോ, കക്ഷിരാഷ്ട്രീയത്തിന്റെ പൊറാട്ടുകളോ
അരങ്ങിലെത്തും മുമ്പ് തന്നെ പുതിയകേരരളത്തിന്റെ സൃഷടിക്കായി നമ്മൾ നമ്മളായി പ്രവർത്തിക്കണം. ശരിയായ ദിശാബോദത്തോടെ നയിക്കാനും ഏകോപിപ്പിക്കാനും നമ്മൾ ശ്രമിക്കേണ്ടതുണ്ട്.

പ്രളയത്തിന്റെ ശേഷിപ്പുകളായ ചേറിൽ നിന്നും അതിജീനം നടന്നു.
ദുരന്തങ്ങളിൽ പലായനം ചെയ്യുന്ന ജനതയെ മാത്രം പരിചരിച്ച എല്ലാവരും കേരളത്തിന്റെ അതിജീവന പ്രക്രിയയെ വാക്കുകളില്ലാതെ പ്രകീർത്തിച്ചു . മാസങ്ങൾകൊണ്ട് ജനതയും പ്രകൃതിയും ഒരുക്കിയ അതിജീവനത്തിന്റെ കൈത്താങ്ങ് എത്രപ്രശംസിച്ചാലാണ് മതിയാവുക!

ഇനിയെങ്ങും അതിജീവനത്തിന്റെ പെരുമ്പറകൾ മുഴങ്ങണം .
എല്ലാം മറന്ന് നവകേരള സൃഷ്ടിക്കായി നമുക്ക് ഒരുമിക്കാം ..........

മഹിമ .കെ. വി.
10.എ

# PROVERBS

1 The goal of education is the advancement of knowledge and the dissemination of truth.
2 knowledge is learning some thing new everyday .
Wisdom is letting go of somethings every day.
3 A mind when stretched by
A new idea never regains
Its original dimensions.
4 Intelligence plus character that is the goal of true education .
5 Truth is more valuable if it takes you a few years to find it.
6 cofee and love taste best when hot.
7 An investment in knowledge pays the best interest.
8 education is the most powerful weapon which you can use to change the would.
9 "The roots of education are bittter, but the fruit is sweet."
10"He who excels in study can follow an official carrer."

REVATHI ARAVIND .K
9B





# കലിമഴ



കാലം വിതച്ച ദുരിതങ്ങൾ
നിസ്സഹായ ജനങ്ങൾ
ഇടിമുട്ടി മഴപെയ്തു പുഴകൾ-
നിറഞ്ഞൊഴുകി കുളവും തടാകവും
വിങ്ങി-വിങ്ങിക്കരയുന്നു അമ്മമാർ
എല്ലാം നീ നശിപ്പിച്ചു പ്രളയം
അതെന്തിനാണെന്റെ നാടിനെ വിഴുങ്ങി
എന്റെ നാടിന്റെ സപ്തനാഡിയും
തകർത്തു നീ, കലിമഴയായ്
രൂപം പൂണ്ടു നീ എന്തിനീ മഴയായ്
വാർത്തെടുക്കണം പുതിയ കേരളത്തെ.
കൈകോർക്കാം നാമൊന്നായി
നമ്മുടെ നാടിനെ നീ -
എന്തിനാണിങ്ങനെ എന്നോടു ചെയ്തു
നീ എന്നോട് പറയാതെ പറയാതെ
ചെയ്തതെന്തിനാണ്
നിറയുന്ന കണ്ണുനീരൊപ്പുമമ്മ
അമ്മയുടെ കണ്ണു നിറഞ്ഞൊഴുകുന്നിതാ
നൊമ്പരമായ് പ്രളയമായെൻ ജീവിതത്തിൽ
ഒന്നായിതാ പുതിയ കേരളത്തെ
വാർത്തെടുക്കണം നമുക്ക്
നല്ലൊരു "നാളെ" യെ "സമൂഹ"ത്തെ "മനുഷ്യ"നെ



ആര്യ അരവിന്ദ് .കെ.വി
7.A



# സന്ധ്യ



അതിരാവിലെ  എഴുന്നേറ്റ ക്ഷീണത്താൽ സൂര്യന്റെ  കൺപോളകൾ അടായാൻ  തുടങ്ങി.വർണങ്ങൾ വാരി വിതറിയ മെത്ത ആകാശം വിരിച്ചു കൊടുത്തു .നിറങ്ങളെ കറുപ്പ് വിഴുവാൻ തുടങ്ങി.നിറവുള്ള പക്ഷികൾ ആകാശത്തിൽ നിന്ന് മാഞ്ഞു. മരങ്ങൾ        കാണാതായി .വെള്ളി മുത്തുകൾ പോലെ അങ്ങിങ്ങ് ചെറിയ പ്രകാശം മാത്രം  .

അനിന്ദിത.

6 :A







# ആനയും പഴങ്ങളും



കിച്ചു ആന വിശന്നുവലഞ്ഞു
നടക്കുകയായുരുന്നു .അവൻ നടന്ന് മുത്തശ്ശിക്കാവിൽ എത്തി .
നിറയെ വാഴപ്പഴങ്ങൾ .അവൻ വാഴപ്പഴങ്ങൾ തിന്നുകൊണ്ട് ഇരിക്കുമ്പോൾ ശങ്കൻ വാഴ
നനയ്ക്കാൻ വന്നു .കിച്ചു അവനെ കണ്ടില്ല .ശങ്കൻ വടി എടുത്തു കിച്ചുവിനെ ഓടിച്ചു .



ശിവദ എം .എസ് .

1-ബി

# ആരൂഢം



ഒരുപാടു ദേശങ്ങൾ കണ്ടുഞാനെങ്കിലും,
എന്നെ ഞാൻ കാണുന്നതിവിടെ മാത്രം.
ഒരുപാടു പലമുഖം കണ്ടു ഞാൻ എങ്കിലും,
എന്നെ ഞാൻ കാണുന്നതിവിടെ മാത്രം.



എത്രയോ ശബ്ദങ്ങൾ കേട്ടു ഞാൻ ഇന്ന്-
എന്റെ ശബ്ദമുഴക്കം കേട്ടതിവിടെമാത്രം.
ഞാനിതാ പലമുഖമായ് പലമനസ്സിൽ തുളുമ്പുന്നു.
ഞാനും പലമുഖമായ് പല ഹൃദയഹങ്ങളിൽ
നിറഞ്ഞിടുന്നു.

എവിടേയ്ക്കു പോയാലും ഞാൻ എന്റെ നാട്ടിൽ
എന്നെ ഞാൻ കാണുന്നു എന്റെ നാട്ടിൽ.

ആര്യ അരവിന്ദ് കെ.വി
7.A

# കടങ്കഥ



1 കറുപ്പ് നിറം, നീണ്ട മൂക്ക് , രണ്ട് കൊമ്പുകൾ, ചൂല് പോലുള്ള വാല്, തൂണ് പോലുള്ള നാല് കാലുകൾ ആരാണ് ഞാൻ. പറയാമോ?

ഉത്തരം:ആന

2 വെള്ള നിറത്തിൽ കറുത്ത പുള്ളികൾ, വളഞ്ഞ കൊമ്പുകൾ, നാല് കാലുകൾ,പാലുതരും ആരാണ് ഞാൻ?

ഉത്തരം:പശു

3 ഞാൻ ഉരുണ്ടത്, മഞ്ഞ നിറം മധുരം ഉള്ളത്, ഉരു പലഹാരം

ഉത്തരം:ലഡു

4 എനിക്ക് പറയാൻ കഴിയും, പലനിറത്തിലുള്ള ചിറകുകൾ, പൂക്കളളിലെ തേൻ കുടിക്കും

ഉത്തരം:പൂമ്പാറ്റ

ആദിഷ്ജിത്ത്

1 ബി

# ചിത്രശലഭം



വർണ്ണച്ചിറകുള്ള   പൂമ്പാറ്റ

പാറിക്കളിക്കും  പൂമ്പാറ്റ

പൂന്തേനുണ്ണും  പൂമ്പാറ്റ

പൂവിതളി  പൂമ്പാറ്റ

പൂവിരിരുന്നു  പൂമ്പാറ്റ

പൂങ്കരളായി പൂമ്പാറ്റ

ചന്തമുള്ള  പൂമ്പാറ്റ

എന്റെ സ്വന്തം പൂമ്പാറ്റ







# പൂച്ച

പൂച്ചയെ വീട്ടിൽ വളർത്തും

പൂച്ചയ്ക്ക് ചെവികളുണ്ട്

പൂച്ചയ്ക്ക് നാലുകാലുകളുണ്ട്

പൂച്ച പാലു കുടിക്കും

പൂച്ച മീൻ തിന്നും

പൂച്ച എലിയെ പിടിക്കും .



തേജ .കെ

ഒന്ന്-ബി

# കർണ്ണൻ



വൈദേഹി.എം

കർണഭൂഷണം-ഉള്ളൂർ.എസ്.പരമേശ്വരയ്യർ

ഈ കവിതയിൽ കവി കർണന്റെ ജന്മത്തെ പരിപോഷിപ്പിച്ചിരിക്കുന്നു. കർണൻ രാധേയനല്ല , അധിരഥ പുത്രനല്ല,സൂതകുലത്തിൽ ജനിച്ചോനല്ല. കശ്യപിയായ സൂര്യൻ പറയുന്നു. പാണ്ഡവരുടെ മാതാവായ കുന്തി ദേവിയാ-ണ് നിന്റെ മാതാവ് എന്ന സത്യവും മനസ്സിലാക്കിക്കൊടുത്തു. കർണൻ കശ്യപിസൂതജനാണെന്നും,കന്യകയായ കുന്തി താപസമന്ത്രത്തിന്റെ പരീ-ക്ഷയിൽപ്പെട്ട് തന്റെ കാന്തനായി എന്നെ സ്വീകരിച്ച് നിനക്ക് ജന്മം നൽ-കിയെന്നും, പെറ്റൊരു മാത്രയിൽ പേടിച്ചും നാണിച്ചും കാനീനനായ നിന്നെ- അശ്രു നദിയിലും, പുണ്യനദികളിലും ഒഴുക്കി വിട്ടും, നീ ഒഴുകി രാധയുടെ കൈയ്യിൽ എത്തിച്ചേരുന്നതും കണ്ടു നിൽക്കേണ്ടി വന്നവൻ ഞാൻ! സ്വർഗ്ഗീയ പുഷ്പമായ പാരിജാതത്തെ കാലിക്കുളമ്പു ചാലിൽ പെറ്റിടുന്നുവോ ? അതിനാൽ എന്റെ പുത്രാ നിന്റെ മാതാവ് കുന്തിയാണ്. നീ പാണ്ഡവരുടെ ജേഷ്ഠനാണ്.

ഈ സന്ദർഭങ്ങളാണ് കവി ഈ കൃതിയിലൂടെ വായനക്കാർക്ക് പകർന്ന് നൽകുന്നത്.





# പറയൂ നീ കാറ്റേ

അറിയുന്നു,ഞാനിന്ന് ഈ
കാറ്റിന്റെ ഗന്ധം
മധുരമായി വിരിയുന്ന പൂക്കളെപ്പോലെ
പ്രിയതമൻ വന്നീടുമിന്നാളിൽ
അറിയുന്നു ഞാനിന്ന് പുണരുന്നു
കാറ്റിനെ.............
നാദമായ് തഴുകുന്നു കാറ്റിനെ പോലെ
പുണരാൻ കൊതിക്കുന്നു
പ്രിയതമാ നിന്നെ ഞാൻ.
കാത്തിരിക്കുന്ന കാറ്റേ.....
അരികിൽ വരൂ ചൊല്ലൂ....
എൻ പ്രിയതമനെവിടെ?
ഇന്ന് ഞാൻ അറിയുന്നു നിന്നിലെ
രഹസ്യം നീ പറഞ്ഞു എന്നോട്
നിന്നിലെ രഹസ്യം.
തഴുകുന്ന വേളയിൽ മറക്കല്ലേ.....
എന്നെ നീ എന്നും നിനക്കായ്
കാതോർക്കുന്നു ഞാൻ

# സമൃദ്ധിയുടെ ആപ്പിൾ തോട്ടം





കുളിരുകോരിയെത്തുന്ന ശൈത്യകാലം മഞ്ഞുമഴ പെയ്യുന്ന ഒരു മലഞ്ചെരുവിന്റെ അരികത്തായി കൊച്ചു കൊച്ചു വീടുകൾ . വീടുകൾക്കുമീതെ മഞ്ഞുപൊതിഞ്ഞിട്ടുണ്ട് മുകളിൽ പഞ്ഞികെട്ടുകളായി നിൽക്കുന്ന മേഘങ്ങൾ താഴെ ചുവപ്പിന്റെ മഹാറാണിഎന്നപോലെ ആപ്പിൾ തോട്ടങ്ങൾ. അതിൽ പൂത്തുനിൽക്കുന്ന ആപ്പിൾ. ആപ്പിളിനു
മുകളിൽ മഞ്ഞുകണങ്ങൾ .മലഞ്ചെരുവിൽ ഒരു കൊച്ചു വീട്ടിൽ ഒരച്ഛനും അമ്മയും അവരുടെ പുന്നാരമകളും.ആ കുട്ടിയുടെ പേര് ലില്ലി. പേരുപോലെ അവൾ പൂക്കളെയും മരങ്ങളെയുംസ്നേഹിച്ചിരുന്നു. അന്നൊരു ശനിയാഴ്ച്ചയായിരുന്നു. പതിവുപോലെ അച്ഛൻ അന്ന്
മരങ്ങൾക്ക് ഐസ് കട്ടകൾ ഇടാൻ തുടങ്ങി . അപ്പോൾ ലില്ലി ഓടിവന്നു . അവൾഅച്ഛനെ സഹായിക്കാൻ തുടങ്ങി.

എന്താ ലില്ലികുട്ടി രാവിലെ തന്നെ? അച്ഛൻ ചോദിച്ചു.

അച്ഛാ എന്തിന് ആപ്പിളിന് ഐസ് കട്ടകൾ ഇടുന്നത്? അവൾ ചോദിച്ചു.പതിവുപോലെ-തന്നെ ലില്ലിക്കുട്ടി സംശയവുമായി വന്നു അല്ല്യോ? ലില്ലിക്കുട്ടി തലകുനിച്ച് നിന്ന് തലയാട്ടി.മോളേ ആപ്പിൾ വളരുന്നത് തണുപ്പത്തല്ലേ? അതിനാൽ അവയ്ക്ക് വളരാൻ തണുപ്പ്ആവിശ്യമാണ്. തണുപ്പുകിട്ടിയാലെ അവ ധാരാളം പൂത്തുനിൽക്കും. ഇപ്പോ മനസിലായോ? അവൾ സന്തോഷത്തോടെ തലയാട്ടി.അവൾ വീട്ടിലേക്ക് പോയി വഴിക്ക് വച്ച് തോട്ടത്തിലേക്ക് മൂളിപ്പാട്ടും പാടി വണ്ടുകളും തേനീച്ചകളും പോകുന്നത് കണ്ടു.അവൾ നോക്കിനിൽക്കെലില്ലിക്കുട്ടിയുടെ മനസ്സിൽ ഒരു ചോദ്യംപൂവിട്ടു . അവൾ ആ ചോദ്യവുമായി അമ്മയുടെ അരികിൽ എത്തി .'എന്താ മോളേ ലില്ലിക്കുട്ടി എന്തെങ്കിലും സംശയമുണ്ടോ നിന്റെമനസ്സിൽ,എങ്കിൽ ഉടൻ ചോദിക്ക്'. 'അമ്മ കേൾക്കട്ടെ'?

ഉണ്ട് അമ്മേ, ഒരു ചോദ്യം. 'അമ്മേ ദിവസവും പതിവുപോലെ നമ്മുടെ തോട്ടത്തിലേക്ക് വണ്ടും തേനീച്ചകളും ഒക്കെ എന്തിനാണ് പോകുന്നത് .

അമ്മ അവൾക്ക് പറഞ്ഞുകൊടുത്തു. തേനീച്ചയും,വണ്ടുമൊക്കെ തേൻ കുടിക്കാൻ വന്നാലേ പൂക്കളിൽ പരാഗണം നടക്കുകയുള്ളൂ. ലില്ലിക്കുട്ടി പിന്നെയും ചോദിച്ചു:-അമ്മേ,'പരാഗണം എന്നാൽ എന്താ?അമ്മ അവളെ കെട്ടിപ്പിടിച്ച് നെറുകിൽ തലോടി പറഞ്ഞു:-
'പരാഗണം എന്നു പറഞ്ഞാൽ പൂവിന്റെ ഇതളുകൾക്കിടയിൽ നാരു പോലുള്ള ചില ഭാഗങ്ങളുണ്ട്.എന്നിട്ട് അവർ തോട്ടത്തിലേക്ക് നടന്നു. എന്നിട്ട് അമ്മ ആപ്പിളിന്റെ ഇതളുകൾ തൊട്ടുകാണിച്ച് പറഞ്ഞു:-ഇതിന്റെ മുകളിലെ പൂമ്പൊടി ഇതിന്റെ അടുത്തുള്ള തേൻ നുകരാനാണ് വണ്ടും,തേനീച്ചകളും ഒക്കെ വരുന്നത്.അവർ വരുമ്പോൾ ആപ്പിൾ തോട്ടം അവരെ അതിഥിയായ് സ്വീകരിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ തേനീച്ചകളും,പൂമ്പാറ്റകളും, വണ്ടുകളും തേൻ നുകരാൻ വന്നിരിക്കുമ്പോൾ അതിലെ പൂമ്പൊടി അവരുടെ കാലുകളിൽ പറ്റിപ്പിടിച്ചിരിക്കും. നേരത്തെ കാണിച്ചി തന്ന നാരുകൾക്കിടയിൽ ഒരു കുഴലുണ്ട്.തേനീച്ചകളും,വണ്ടുകളും അവിടെ ഇരുന്ന് തേൻ
നുകരുമ്പോൾ അവരുടെ ദേഹത്ത് പറ്റിപ്പിടിച്ചിരിക്കുന്ന പൂമ്പൊടി ഈ കുഴലിൽ വന്നുവീഴും.അവ താഴോട്ടിറങ്ങി അണ്ഡാശയത്തിൽ എത്തിച്ചേരും.പൂമ്പൊടിയും അണ്ഡവും
ചേർന്നിട്ടാണ് കുഞ്ഞു ചെറിയ ആപ്പിൾ ഉണ്ടാവുക. ആ ചെറിയ ആപ്പിൾ വലുതായിവലുതായി വരും.,ഇപ്പൊ മനസിലായി ലില്ലിക്കുട്ടിക്ക് . ലില്ലിക്കുട്ടി തലയാട്ടി പറഞ്ഞു:-അമ്മേ നല്ല കഥ. എനിക്കിഷ്ടപ്പെട്ടു.'ദേ അച്ഛൻരുന്നു'. എന്താ പഠനം കഴിഞ്ഞോ ലില്ലിക്കുട്ടീ'? അതേ അച്ഛാ രാവിലെ തന്നെ അമ്മയിൽ നിന്നും അച്ഛനിൽ നിന്നും കുറേ അറിവ് എനിക്ക് പകർന്നു കുട്ടി.മൂന്നു പേരും പുഞ്ചിരിച്ചു കൊണ്ട് വീട്ടിലേക്ക് നടന്നു.

ദേവിക.കെ
7.എ



# പൂന്തോട്ടത്തിലെ  പൂമ്പാറ്റ

ഒരു ദിവസം പൂമ്പാറ്റ പാറിപ്പറന്നു പൂന്തോട്ടത്തിൽ എത്തി .
പൂമ്പാറ്റ തേൻകുടിച്ചു .ഹായ് എന്തുരസം .
പൂമ്പാറ്റയ്ക്ക് സന്തോഷമായി .പൂക്കൾക്കും



അഭിസിദ്ധ് ചന്ദ്ര് കെ.വി
1.ബി





# പശു



പശൂവിനെ വീട്ടിൽ വളർത്തും
പശുവിന് നാല് കാലുകളുണ്ട്
പശുവിന് രണ്ട് ചെവികളുണ്ട്
പശുവിന് ഒരു വാലുണ്ട്
പശു പലനിറത്തിലുണ്ട്
വെള്ള,കറുപ്പ് എന്നീ നിറങ്ങളിലുണ്ട്
പശു പാല് തരും
പശു ചാണകം തരുന്നു.
പശുവിന്റെ ചാണകം നല്ല വളമാണ്.



**തേജ.കെ**

**1-ബി**

# കണ്ണീർ നിറഞ്ഞ ആ രാത്രി

അന്നൊരു രാത്രിയായിരുന്നു .
നക്ഷത്രങ്ങളാൽ നിറഞ്ഞ് മിന്നിത്തിളങ്ങി നിൽക്കുന്ന ആകാശം .തന്റെ വീട്ടുമുറ്റത്ത് യാതൊരു ഭയവുമില്ലാതെ നിലാവിന്റെ നിഴൽപാടുകളിലൂടെ ഓടിക്കളിക്കുകയാണ് താര .രണ്ടരവയസ്സുകാരിയായ അവളുടെ കൂടെ അവളുടെ കളിക്കൂട്ടുകാരിയായ റോസി എന്ന പാവക്കുട്ടിയുമുണ്ട്. കളിക്കിടയിൽ അവൾ റോസിക്ക് കഥകളും മറ്റും പറഞ്ഞുകൊടുക്കുമായിരുന്നു .വീട്ടിനകത്തുനിന്ന് ആരുടെയോ ശബ്ദം .അത് താരയുടെ അമ്മയുടേതാണ് . "മോളേ .... വേഗം വാ നമ്മുടെ പുതിയ താമസസ്ഥലത്തേക്ക് പോകേണ്ടേ അച്ഛനിപ്പം കാറുമായി വരും" അമ്മയ്ക്ക് നല്ല സന്തോഷമായിരുന്നു.
കാരണം താരമോളുടെ അച്ഛൻ പോലീസിലാണ് ജോലി. അദ്ദേഹത്തിന് സ്ഥലമാറ്റം കിട്ടി, അതും അവർ എത്രയോ നാളുകളായി പോകാൻ കൊതിക്കുന്ന കന്യാകുമാരിയിലേക്ക്. രാത്രി പുറപ്പെട്ടാൽ പുലർച്ചെ അഞ്ചുമണി ആകുമ്പോഴെക്കും അവർഅവിടെഎത്തും. താരമോൾക്ക് വീടുവിട്ടുപോകാൻ ഇഷ്ടമല്ലായിരുന്നു.
കാരണം അവളുടെ ചങ്ങാതിമാരെല്ലാം ഇവിടെയാണ്. അവൾ തന്റെ കളിപ്പാവയോട് അവളുടെ സങ്കടം പങ്കുവച്ചു എന്നിട്ട് പാവയേയും കെട്ടിപിടിച്ച് ഒരു മൂലയിൽ പതുങ്ങി ഇരുന്നു.അമ്മ ഒരു വിധത്തിൽ അവളെ സമാദാനിപ്പിച്ചു .അവൾ സങ്കടങ്ങൾ മറന്ന് യാത്രയ്ക്ക് തയ്യാറായിനിന്നു .അപ്പോഴും ആ പാവ അവളുടെ കൈയിൽ ഉണ്ടായിരുന്നു .
അപ്പോഴേക്കും അവളുടെ അച്ഛൻ കാറുമായി വന്നു .താരമോൾ ഓടിച്ചെന്ന് കാറിൽ കയറി, കൈയിൽ പാവയും .അച്ഛൻ പറഞ്ഞു "മോളേ പാവ ഇവിടെ വച്ചിട്ട് നമുക്ക് പോകാം. " ഇത് കേട്ട താരമോൾക്ക് സങ്കടമായി .അവൾ പറഞ്ഞു “ എന്റെ റോസിമോളേ ഞാൻ ഒറ്റയ്ക്കാക്കാനോ ഇല്ല ഞാൻ അവളെ കൂട്ടും .“ഇത് കേട്ട അച്ഛൻ പുഞ്ചിരിച്ചു.അവർ യാത്ര തുടങ്ങി. വണ്ടിയിൽനിന്ന് താരമോൾ അമ്മയോട് പറഞ്ഞു ഞാൻ വാതിലിന്റെ അടുത്തിരിക്കുന്നെന്ന്. അങ്ങനെ അവൾ ചില്ലിലൂടെ നിലാ വെളിച്ചത്തിൽ കണ്ട കാര്യങ്ങളെല്ലാം പാവയ്ക്ക് കാണിച്ചുകൊടുത്തു. മണിക്കൂറുകൾ കഴിഞ്ഞു .പാവയേയും കൈയിൽ പിടിച്ച് അവൾ ഉറക്കമായി,ഒപ്പം അമ്മയും .അച്ഛനും നന്നായി ഉറക്കംവരുന്നുണ്ടായിരുന്നു ,പക്ഷെ അയാൾ വണ്ടി നിർത്തിയില്ല ഓടിച്ചുകൊണ്ടേയിരുന്നു .പെട്ടെന്ന് അയാളുടെ കണ്ണറിയാതെ ചിമ്മിപോയി .വണ്ടി വലിയൊരു പാറയിലിടിച്ചു മറിഞ്ഞു .വണ്ടി കൊക്കയിലേക്ക് വീണു .താരമോൾ റോഡിലേക്ക് തെറിച്ചു വീണിരുന്നു.അന്നേരവും കണ്ണടയ്ക്കുന്ന പാവയെ മുറുകെ പിടിച്ച ആ കുഞ്ഞുകൈവിരലുകൾ ചലിക്കുന്നുണ്ടായിരുന്നു .

തീർത്ഥ .കെ
9.എ

# കടങ്കഥകൾ

1. കാലില്ല പന്തൽ

-ആകാശം

2. ഞെട്ടില്ലാ വട്ടയില

-പപ്പടം

3. ഒരമ്മപെറ്റ മക്കളെല്ലാം ചാടിച്ചാടി

-തവള

4. ഇത്തിരിക്കുഞ്ഞനൊരൊറ്റക്കണ്ണൻ

-കുന്നിക്കുരു



# കേരളം

ഇന്ത്യയിലെ ഒരു കൊച്ചു കേരളമാണെന്റെ

നാട്.................



പതിനാലു ജില്ലകൾ

കേരളത്തിൽ......

പച്ചനിറഞ്ഞ ഗ്രാമത്തിലൂടെ .........

പാറിക്കളിക്കുന്നു പൂമ്പാറ്റകൾ.........

പുഴകളും കായലുകളും നിറഞ്ഞ ഗ്രാമം.......

കേരളം ...............

ഇന്ത്യയിലെ പടിഞ്ഞാറെ അറ്റമായ കേരളം.............

സഞ്ജന .എം.കെ
4:A

_വർണ്ണന

## _മഞ്ഞുതുള്ളി

ഓരോ പ്രഭാതവും ഉന്മേഷഭരിതമാക്കാൻ പ്രകൃതി നിരവധി ദൃശ്യവിരുന്നുകൾ ഒരുക്കിവച്ചിട്ടുണ്ട്.

അതിലൊന്നാണ് മഞ്ഞുതുള്ളി .ഭൂമിയിലെ തന്നെ ഏറ്റവും തണുത്തതും വെളുത്തതും പരിശുദ്ധവുമാണ്

മഞ്ഞുതുള്ളി .രാവിലെ സൂര്യൻ ഉദിക്കുന്നതിനുമുമ്പ് പ്രകൃതി തന്റെ മക്കൾക്കായി ഒരുക്കിവച്ചതാണ്

മഞ്ഞുതുള്ളി .പുല്ലുകളിലും പൂക്കളിലും മഞ്ഞുതുള്ളി പിടിവിടാതെ തൂങ്ങിനിൽക്കുന്നു .സൂര്യൻ ഉദിക്കുമ്പോൾ

മഞ്ഞുതുള്ളി സപ്തവർണ്ണങ്ങളായി വിരിയുന്ന കാഴ്ച ആരേയും ആനന്ദിപ്പിക്കും .ഭൂമിക്ക് അപ്സരസ് ചാർത്തിയ

വെൺമുത്തുകളാണ് മഞ്ഞുതുള്ളി .ദൈവത്തിന്റെ കാരുണ്യകന്ദളങ്ങളാണ് ഇവ .ഇലച്ചാർത്തുകളിലും കുറ്റി-

ക്കാടുകളിലും പറ്റിപിടിച്ചിരിക്കുന്ന മഞ്ഞുതുള്ളി പ്രഭാതത്തിലെ ഒരു ദൃശ്യവിരുന്നാണ്.

ശ്രീലക്ഷ്മി കെ .ജി .

6 .എ

# എന്റെ നാട്

കാഞ്ഞങ്ങാട് നിന്നും ഏറെയകലെയ ല്ലാതെയായി സ്ഥിതിചെയ്യുന്ന സുന്ദരമായ ഗ്രാമപ്രദേശം . ഈ നാട് നീലേശ്വരംപുഴയുടെ ജലസമൃതിമൂലം

എങ്ങും പച്ചപ്പ്നിറഞ്ഞ ഒരു സ്ഥലം . നെൽവയലുകളും തോടുകളും,കവുങ്ങും തെങ്ങും നിറഞ്ഞതോപ്പുകളും എവിടെയും കാണാം . നമ്പ്യാർക്കാൽ അണക്കെട്ടിൽ നിന്നും നോക്കിയാൽ കാണുന്ന കാഴ്ച അതി സുന്ദരമാണ്. പാടങ്ങളിലും പുഴയോരത്തും തലയുയർത്തി നിൽക്കുന്ന ആമ്പൽ



ശ്രീനന്ദൻ . വി . വി
4 . ബി

# മുയൽകുട്ടന്മാരുടെ പ്രകൃതി

# സ്നേഹം

കിങ്ങിണിക്കാട്ടിൽ മിട്ടു എന്നും കിട്ടു എന്നും പേരായ രണ്ടുമുയൽ താമിച്ചിരുന്നു .അവർ രണ്ടു പേരും അടുത്ത സുഹൃത്തുക്കളായിരുന്നു .കുറുമ്പുകൾ കാട്ടിയും കളിച്ചും ചിരിച്ചം കിട്ടുവും മിട്ടുവും ജിവിച്ചു പോന്നു ഒരിക്കൽ മിട്ടു കിട്ടുവിനോട് പറഞ്ഞു"കിട്ടു നമുക്ക് ഒന്ന് പട്ടണം കാണാൻ പോകാം"കിട്ടു അതിനോട് യോജിച്ചു. “ങാ, ഇത് ഞാൻ ഒരുപാടു നാളായി ആഗ്രഹിക്കുന്നതായിരുന്നു. പട്ടണ-
ത്തിൽ ഒരുപാടു ജനങ്ങളും വലീയ കെട്ടിടങ്ങളും ഒക്കെ ഉണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്. “എന്നാൽ കിട്ടൂ നമ്മൾ ഈ കാട്ടിൽ നിന്നും എങ്ങനെ പോകും?” പെട്ടന്ന് എന്തോ ഒന്നു വിഴുന്ന ശബ്ദം കേട്ടു . അവർ ശബ്ദം കേട്ട ഭാഗത്തെ ഓടി.പെട്ടന്ന് രണ്ടു പേർ വന്നു കോട്ടും സൂട്ടും ഒക്കെയായിരുന്നു അവരുടെ വേഷം .അവർ കിട്ടുവിനെയും മിട്ടുവിനെയും കണ്ടു .അവർ പറഞ്ഞു "നമക്കു ഈ മുയലുകളെ പട്ടണത്തിൽ കൊണ്ടുപോകാം “. അത് കേട്ട് കിട്ടുവും മിട്ടുവും സന്തോഷിച്ചു . അവർ മുയലുകളെ കൂട്ടിലാക്കി വണ്ടിയിൽ വച്ചു എന്നിട്ട് മരങ്ങൾ മുറിച്ചു . ഇതു കണ്ടപ്പോൾ മിട്ടുവിനും കിട്ടുവിനും അപകടം മനസ്സിലായി. ഈ കാട് നശിപ്പിക്കുകയാണ് . അവർ പറഞ്ഞു ഇനി എങ്ങനെ നാം ഇവിടുന്ന് രക്ഷപ്പെടും ?എങ്ങനെ കിങ്ങിണി കാടിനെ സംരക്ഷിക്കും ? മിട്ടു ചോദിച്ചു , അപ്പോഴേക്കും വാഹനം അവരെയും കൊണ്ടു കാട് കടന്നു .അവർക്ക് പട്ടണത്തിൽ എത്തിയാൽ മാത്രമേ എന്തെങ്കിലും ച്ചെയാൻ സാധിക്കു ,മിട്ടു പറഞ്ഞു .ഒരുപാട് നേരത്തെ നീണ്ട യാത്രക്ക് ശേഷം അവർ പട്ടണത്തിൽ എത്തി. ചുറ്റിലും മരങ്ങൾക്ക് പകരം പടൂകൂറ്റൻ കെട്ടിടങ്ങൾ തമ്മിൽ അറിയാതെ സംസാരിക്കുന്നു .റോഡിൽ വാഹനങ്ങൾ തിങ്ങിനിറഞ്ഞിരുന്നു റോഡരികുകളിൽ തലങ്ങും വെലങ്ങും നിർത്തിയിട്ട വാഹനങ്ങൾ . തങ്ങളെ എവിടെയാണ് കൊണ്ടു പോകുന്നത് അവർക്ക് ഒരു എത്തും പിടിയും ഉണ്ടായിരുന്നില്ല .ഒരു സ്ഥലത്തെത്തിയപ്പോൾ വാഹാനം നിർത്തി അവിടെയാകെ ദുർഗന്ധം പരക്കുന്നു ഉണ്ടായിരുന്നു .ഒരു ചായകടയിലേക്ക് പോയി അവർ ചായകുടിക്കുന്നത് കിട്ടുവും മിട്ടുവും ശ്രദ്ധിച്ചു .അവർ വിണ്ടും യാത്ര തുടർന്നു .പിന്നിട് വാഹനം നിർത്തിയത് ,ഒരു കൂടാരത്തിൽ ആയിരുന്നു. കിട്ടുവിനും മിട്ടുവിനും അത് ഒരു സർക്കസ് കൂടാരമാണെന്ന് മനസ്സിലായി .കിട്ടു പറഞ്ഞു "മിട്ടു നമ്മുക്ക് രക്ഷപ്പെടാൻ പറ്റിയ അവസരമാണിത് ഇവർ കൂട് തുറക്കുമ്പോൾ നമ്മുക്ക് ഓടി രക്ഷപ്പെടാം".അവർ കുടു തുറക്കുമ്പോൾ കിട്ടുവും മിട്ടുവും ഓടി .അവർ ഓടി ഒരു ലോറിയിൽ കയറി. അത് പുറപ്പെട്ടു. ക്ഷീണിച്ചതു കാരണം അവർ ഉറങ്ങിപ്പോയി .ഉണരുമ്പോൾ അവർ കിങ്ങിണി കാട്ടിൽ എത്തി , അപ്പോൾ അവർ ഞെട്ടിപ്പോയി മരങ്ങൾ ഒന്നുമില്ല മരങ്ങൾ മുറിച്ചിരുന്നെങ്കിലും അവിടത്തെ ഹരിതാപ നീലനിന്നിരുന്നു .അവർക്ക് സാമാധാനാമായി .ലോറിയിൽ നിന്നും വന്ന മനുഷ്യർ മരങ്ങൾ എല്ലാം മുറിച്ചു ,മൃഗങ്ങൾ എല്ലാം കൂടി മനുഷ്യരെ ഒന്നായി ആക്രമിച്ചു.പിന്നിട് മനുഷ്യർ ആരും കിങ്ങിണി കാട്ടിൽലേക്ക് വന്നില്ല

ജയവിസ്മയ

7.ബി



# വിസ്മയ കാഴ്ച

പതിവുപോലെ കൂടുവിട്ട് തീരതീറ്റേട്ടുന്ന കിളികളുടെ കളനാദം കേട്ടാണ് ഞാനുണർന്നത്. അങ്ങകലെ മലയിടുക്കിലൂടെ സൂര്യൻ എത്തിനോക്കുകയാണ്. പ്രഭാതരശ്മികൾ മഞ്ഞുതുള്ളികൾക്ക് നിറപ്പകിട്ടേകുന്നു. അവയാൽ പൂക്കളും പുൽനാമ്പുകളും സുമംഗലിയായിരിക്കുന്നു. മണ്ണിനു പൊട്ടുവച്ചപോൽ മഞ്ഞുതുള്ളികൾ വീണ പാടുണ്ട്. വിടർന്നുവരുന്ന പൂമൊട്ടുകൾ സൂര്യനെ നോക്കി പുഞ്ചിരികികുന്നു സുഗന്ധവാഹിയായ ഇളം കാറ്റ് അവയെ തഴുകി. ഒപ്പം അതെന്നെ രോമാഞ്ചം കൊള്ളിച്ചു. ആകെക്കൂടെ ശാന്തമായ അന്തരീക്ഷം. അണ്ണാരക്കണ്ണന്മാരും തീറ്റതേടിപ്പോകുന്ന തിടുക്കത്തിലാണ്. ദൂരെ , ദേവാലയങ്ങളിൽ നിന്നുള്ള പ്രാർത്ഥനാ ഗീതങ്ങൾ ഭക്തിനിർഭരമായ അന്തരീക്ഷത്തിലേക്ക് തള്ളിവിടുകയാണ്.

ഓരോ ദിനവും പ്രഭാതം നമുക്ക് ഓരോ വിസ്മയക്കാഴ്ചകളൊരുക്കുന്നു. പ്രഭാതം കഴിയുന്നതോടെ ആ കാഴ്ച നമുക്ക് നഷ്ടമാവുകയാണ്.

സൗപർണിക.കെ
6 . ബി

## ***APPLE***



Iam red in colour
Iam round
Iam a fruit
Iam sweet

## ***FROG***

Iam jumping
Iam in a different colour
Iam living water and land
Snakes eats me

## **MONKEY**

I live on trees
my tail is long
I eat bananas
I jump from tree to trees



# പുലരി



ഞാൻ  അന്ന് എഴുന്നേറ്റത് പക്ഷികളുടെ മൃദുലമായതും മനോഹരമായതുമായ നാദം കേട്ടാണ് .ഞാൻ മെല്ലെ പുറത്തേക്കിറങ്ങി.ശാന്താമായ  അന്തരീക്ഷം . അപ്പുറത്ത് മലനിരകൾ മഞ്ഞുകൊണ്ട് പുതച്ചിരികുന്നു .അത് പറഞ്ഞറിയിക്കാനാകാത്ത ഒരു മനോഹരമായ കാഴ്ചയാണ് .ഞാൻ മെല്ലെ പൂന്തോട്ടത്തിലേക്ക് പോയി.അവിടെ പൂവുകളിലൂടെ ഞാൻ പൂമ്പാറ്റയെപ്പോലെ പറന്ന് നടന്നു. മെല്ലെ മലകളിൽ നിന്ന് സൂര്യൻ എത്തിനോക്കിയപ്പോൾ പുൽനാമ്പുകളിലും പുല്ലുകളിലുമുണ്ടായിരുന്ന മഞ്ഞുതുള്ളികൾ സപ്തവർണ്ണങ്ങളിൽ തിളങ്ങി .പിന്നെ പക്ഷികൾ ചിറകടിച്ച് കൂട്ടിൽനിന്നും പുറത്തിറങ്ങി. ദേവാലയങ്ങളിൽ നിന്നും ഭക്തിഗാനങ്ങൾ മുഴങ്ങി.അലഞ്ഞുതിരിയുന്ന ഇളം മഞ്ഞുകാറ്റ് എന്നെ തഴുകി. ഒന്നുകാതോർത്തപ്പോൾ തിരമാലകൾ ആരവത്തോടെ വരുന്ന ശബ്ദം ഞാൻ കേട്ടു പ്രഭാതം ഒരു പുതു ദിനത്തിന്റെ ആരംഭമാണ്. അത്  ഒരു അത്ഭുതകരമായ കാഴ്ചയാണ്. പറഞ്ഞറിയിക്കാനാവാത്ത  ഒരു ദൃശ്യവിരുന്നാണ് .

*അനന്യ പി.വി.*
*6.ബി*

വായനാ കുറിപ്പ്

# ആച്ചയോട് പറഞ്ഞ കഥ



**ആച്ചയോട് പറഞ്ഞ കഥ എന്ന ഈ പുസ്തകം എഴുതിയിരിക്കുന്നത് രാമകൃഷ്ണൻ മോനാച്ചയാണ്. ഈ പുസ്തകത്തിൽ 17 ചെറുകഥകൾ അടങ്ങിയിരിക്കുന്നു. ചെപ്പടി വിദ്യ എല്ലാ സമയത്തും ചെലവാകില്ല.**

**എന്ന കഥയാണ് എനിക്ക് ഇഷ്ടപ്പെട്ടത്. ഇതിൽ തൊപ്പിക്കാരനെയും,**

**കുരങ്ങുകളെയും കുറിച്ച് പറയുന്നു. ഈ കഥ വളരെ രസകരമാണ്.**

**ഈ പുസ്തകം കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിച്ച് രസിക്കാവുന്നവയാണ്. കഥാകൃത്ത് സൗമ്യമായ ഭാഷയിലാണ് എഴുതിയിരിക്കുന്നത്.**

*സിദ്ധാർഥ് കെ*

**3.ബി**

## വർണന

# പ്രഭാതം




തണുത്തുറഞ്ഞ മഞ്ഞിൽനിന്ന് ഉദിച്ചുയരുന്ന പ്രഭാതസൂര്യന്റെ കിരണങ്ങളേറ്റാണ് ഞാൻ ഉണർന്നത്. ജനൽ കമ്പികളിലൂടെ ഒന്ന് കണ്ണോടിച്ചപ്പോൾ മൂടൽ മഞ്ഞിന്റെ തണുപ്പിൽ നിന്ന് രക്ഷ നേടാനായി പ്രഭാതത്തെ വരവേൽക്കാൻ ഒരുങ്ങി നിൽക്കുന്ന പലതരം ചെടികളേയും പൂക്കളേയും കാണാം. പക്ഷികളുടെ കലപില ശബ്ദം കേട്ട് പുറത്തേക്കിറങ്ങി നോക്കിയപ്പോൾ അങ്ങ് കിഴക്ക് സൂര്യൻ മടിച്ച് മടിച്ച് കണ്ണ് തുറക്കുകയായിരുന്നു. കറുത്തുരുണ്ട ആകാശം മെല്ലെ മെല്ലെ അതിന്റെ പുതപ്പു നീല
വർണങ്ങളായി വിരിയുകയാണ്. തണുപ്പ് ഇത്തിരി കുറഞ്ഞപ്പോൾ പക്ഷികളെല്ലാം ഇരതേടാനുള്ള മത്സരത്തിലായി. നേരം പുലരുന്തോറും സൂര്യന്റെ കിരണങ്ങൾ പ്രകൃതിയെ തലോടാൻ തുടങ്ങി. പ്രഭാത സൂര്യനെ വന്ദിക്കാനായി വൃക്ഷങ്ങളെല്ലാം കൈകൂപ്പി നിന്നു. ചിത്രശലഭങ്ങളെല്ലാം പൂക്കളിലെ മധുരമായ തേൻ നുകരാനായി തിരക്കുകൂട്ടി പാറിപ്പറക്കുകയാണ്.

ദേവിക. കെ.വി

6.എ

+

# നാടിന്റെ വെളിച്ചം



ഒരു പുലരിയിൽ അടർന്നുവീഴുന്ന മഞ്ഞുതുള്ളികൾ ,കിളികളുടെ കലപിലശബ്ദം പ്രകൃതിലെ ഇളംക്കാറ്റ് .പക്ഷെ,അമ്മു ഉറങ്ങിയെഴുന്നേറ്റത് ഇതുകൊണ്ടൊന്നുമല്ല ഉദിക്കാൻകൊതിക്കുന്ന സൂര്യകിരണങ്ങൾ അവളുടെ കണ്ണിലേക്ക്പതിച്ചു .ഒരു ഇളംചൂട് അവളെ തഴുകി . അവൾ എഴുന്നേറ്റ്നോക്കുമ്പോൾ പലകാഴ്ചകളും കണ്ടു .പുലരിവിസ്മയങ്ങൾ അവളെഅത്ഭുതപ്പെടുത്തി അവൾ അവളുടെ നാട്ടിലെ ഇനിയുമിനിയും  രസമുള്ളകാഴ്ചകൾ കാണാൻ കൊതിച്ചു . അതുകൊണ്ട് അവൾ വേഗം പ്രഭാതകർമ്മങ്ങൾ ചെയ്ത് വേഗം ഷർട്ടുംപാവടയും ധരിച്ച് നാട് ഏകദേശമൊന്ന് ചുറ്റിക്കറങ്ങാൻ തീരുമാനിച്ചു .കൂടെ കുറച്ച് കൂട്ടുകാരെയും കൂട്ടുന്നതിനായി അവൾ എല്ലാവരെയും വിളിച്ച് നടക്കാൻതുടങ്ങി .കയ്യിൽ ഒരു ക്യാമറയും ഉണ്ടായിരുന്നു . അങ്ങനെ നടന്ന്നടന്ന് വെള്ളച്ചാട്ടം കാണാൻപോയി .അവർ അതിന്റെ അടുത്ത് പോകാതെ കുറച്ച് ദൂരംനിന്നു .മാത്രമല്ല ,അവർക്ക് പേടിയായിരുന്നു .അവർ അങ്ങനെ കണ്ട് രസിക്കുന്നസമയത്ത് മിന്നുക്കുട്ടിയെ കാണാനില്ല .അയ്യോരക്ഷിക്കണേ! എന്നൊരുനിലവിളി . അമ്മു ഏതുഭാഗത്താണ് ശബ്ദം കേൾക്കുന്നതെന്ന് ശ്രദ്ധിച്ച്നോക്കി .അങ്ങനെ കണ്ടകാഴ്ച അവളെ നൊമ്പരപ്പെടുത്തി .അപ്പോഴതാ അവളുടെ കൂട്ടുകാരി മിന്നു വെള്ളത്തിൽ ഒഴുകാൻ പോകുന്നു .അമ്മുവിന് മനസ്സിലായി എത്രയുംപെട്ടെന്ന് നമ്മളവിടെപോയില്ലെങ്കിൽ അവൾ ഒഴുകിപ്പോകുമെന്ന്.കാരണം മിന്നു താൽക്കാലികമായൊരു കമ്പ് പിടിച്ച്നിൽക്കുകയാണ്. അതും അവിടെയുണ്ടായ ഒരു കുറ്റിമരത്തിന്റെ കമ്പ്.അങ്ങനെ അവൾ വേഗം പോയി .അമ്മു വലിയവടിയും നല്ല ഉറപ്പുള്ള ഒരു വടിയുമെടുത്ത് കയ്യിൽ ഉണ്ടായ ക്യാമറയും അവിടെവച്ച് വേഗം പോയി .അങ്ങനെഅവൾ വടിനീട്ടിക്കൊടുക്കുകയും അവളെ വലിച്ച്  കരയിൽ എത്തിക്കുകയും ചെയ്തു .പാവം മിന്നുക്കുട്ടി പേടിച്ചിരുന്നു .അവൾ അമ്മുവിന്റടുത്ത് നന്ദി പറഞ്ഞു .അവളൊരു ചെറിയകുട്ടിയാണ്.അതുകൊണ്ട് തന്നെ അവൾ കുറച്ച്കരയാൻ തുടങ്ങിയിരുന്നു.അങ്ങനെ അമ്മു യാത്രഅവസാനിപ്പിച്ച് വീട്ടിലേക്ക് മടങ്ങി .അങ്ങനെ അപ്പു മിന്നുകുട്ടിയുടെ ചേട്ടൻ ഈകാര്യമെല്ലാം അവന്റെ അമ്മയോട് പറഞ്ഞു .അമ്മ ഇത്കേട്ടതും അമ്മുവിന്റെ വീട്ടിൽപോയി .അവളെ കൈപിടിച്ച്കൂട്ടി നാടിന്റെ മീറ്റിങ് വിളിച്ച് കൂട്ടുന്ന മൈതാനത്ത്നിന്ന് ഉറക്കെ വിളിച്ച്പറഞ്ഞു " നമ്മുടെ നാടിന്റെ വെളിച്ചമാണ് അമ്മു " എന്റെ മകളെ രക്ഷിച്ച നമ്മുടെ നാടിന്റെ വെളിച്ചമാണ് അമ്മു .അങ്ങനെ അമ്മുവിന്റെ അമ്മ ഇത് കേട്ട ഉടനെ അവളെ കെട്ടിപിടിച്ച് നെറ്റിയിൽ ഒരു മുത്തംനൽകി .അവർ എല്ലാവരും വീട്ടിലേക്ക്മടങ്ങി .വീട്ടിലെത്തിയ അമ്മു പുറത്ത്കസേരയിൽ ചാരിയിരുന്ന് വിചാരിച്ചു . ഇന്ന് പ്രഭാതത്തിൽ ഞാൻ ഉറങ്ങിയെഴുന്നേൽക്കാൻ കാരണമായ വെളിച്ചം ഇന്ന് ഞാനാണെന്ന് വിളിച്ച്പറഞ്ഞിരിക്കുന്നു .ഇതാണ് വെളിച്ചത്തിന്റെ അർത്ഥമെന്ന് പറയുന്നത് ഏതൊരു ഇരുട്ടിനെയും ഇല്ലാതാക്കി അവിടെയൊരു വെളിച്ചമുണ്ടായാൽ അത് നമുക്ക് വഴികാട്ടിയാകുന്നു .അവൾ ചിന്തിച്ച് ചിന്തിച്ച് അതിൽ ചാരിയുറങ്ങി .

ആദിത്യ ടി.വി.
7.B

# _കേരള നാട്



നമ്മുടെ കേരളം നമ്മുടെ
കേരളം

പതിനാല് ജില്ലകൾ കേരളത്തിൽ

റെയിൽവേ പാതയും ബസ്സ്റ്റാന്റുകളും

ഉണ്ടല്ലോ നമ്മുടെ കേരളത്തിൽ

പള്ളിക്കൂടങ്ങളും അമ്പലങ്ങളും

വീമാനത്താവളവുമുണ്ടല്ലോ

മലകളും പുഴകളും തോടുകളും

കുളങ്ങളുമുണ്ടല്ലോ കേരളത്തിൽ

ബേക്കൽകോട്ടയുമുണ്ടല്ലോ

ആര്യ ശ്രീജിത്ത്
4 .A

# കുഞ്ഞിക്കിളിക്ക് പറ്റിയ പറ്റ്





ഒരിടത്തൊരിത്ത് ഒരു അമ്മക്കിളിയും കുഞ്ഞിക്കിളിയും താമസിച്ചിരുന്നു. ഒരു ദിവസം അമ്മ കുഞ്ഞിനോട് പറഞ്ഞു "കുഞ്ഞേ നിനക്ക് പറക്കാനൊന്നും കഴിയില്ല
അതുകൊണ്ട് നി പുറത്തൊന്നും
ഇറങ്ങേണ്ട." എന്നു പറഞ്ഞുകൊണ്ട് അമ്മക്കിളി കൂുട്ടിൽ നിന്നും തീറ്റത്തേടിപ്പോയി.
അവൾ കുറച്ചുനേരം കൂട്ടിൽത്തന്നെയിരുന്നു. അവൾ പുറത്തിറങ്ങി പറന്നു.
കുറച്ചുനേരം പറന്നപ്പൊഴേക്കും
അവളാകെ തളർന്നു . പെട്ടന്ന് അവൾ താഴെവീണു . അതുകണ്ട് കുഞ്ഞനാന തുമ്പിക്കൈനീട്ടി
കുഞ്ഞിക്കിളിയെ പിടിച്ചു." കുഞ്ഞിക്കിളി നിനക്ക് എന്തുപറ്റി". കുഞ്ഞനാന ചോദിച്ചു.
"ക്ഷീണം കൊണ്ട് താഴെ വീണതാ", അങ്ങനെ കുഞ്ഞനാന കുഞ്ഞിക്കിളിയെ കുട്ടിലാക്കി,
അപ്പൊഴേക്കും കുട്ടിൽ അമ്മ വന്നിരുന്നു. കുഞ്ഞനാനയൊട് അമ്മ ചോദിച്ചു,"കുഞ്ഞനാനേ
എന്റെ കുഞ്ഞിനേ ഇങ്ങനേ കൊണ്ടുവരാൻ അവൾക്ക് എന്താണ് പറ്റിയത്".
നടന്നകര്യങ്ങൾ കുഞ്ഞനാന അമ്മക്കിളിയൊട് പറഞ്ഞു. കുഞ്ഞിക്കിളി അമ്മയൊട് ക്ഷമ ചോദിച്ചു.

പാർവണ പ്രമോദ്
2 ബി

# _മിന്നും താരം

**അമ്മയോട് വഴക്കിട്ട് പോയ രവി** പ്രതീക്ഷിച്ചില്ല തന്റെ ജോലി നഷ്ടപ്പെടുമെന്ന്, ദേഷ്യം കടിച്ച്അമർത്തി മുറിവേറ്റ മനസ്സോടെ അയാൾ അവിടെനിന്നും ഇറങ്ങി ബസ്സിൽകയറി. അപ്പോഴാണ് ഓർത്തത്അമ്മയുടെ മരുന്ന് വാങ്ങണമെന്ന് ,ബസ്സ് വിട്ടിരുന്നില്ല എങ്കിലും മടികാരണം അയാൾ പുറത്തിറങ്ങിയില്ല മാനത്തെ കുങ്കമപൊട്ട് ചായാറായി ,നിലാവ് ഉദിക്കാറായി നേരം ഇരുട്ടി എങ്ങും കൂരിരുട്ട്. ബസ്സ് സ്റ്റോപ്പിൽനിർത്തി ഇനിയും നടക്കണം കുറച്ച് ദൂരം അയാൾ കുന്ന്കയറി പുഴകടന്ന് അങ്ങനെ നടന്നു . അങ്ങനെ രവിവീട്ടിലെത്തി .കരിയിലകൾ വീട്ടുമുറ്റത്ത് ഓടിക്കളിക്കുന്നു .എങ്ങും നിശബ്ദത അയാൾ ഉച്ചത്തിൽ വിളിച്ചു . ' അമ്മേ...അമ്മേ ... 'അതിന്റെ പ്രതിധ്വനിയല്ലാതെ അയാൾ മറ്റൊന്നും കേട്ടില്ല. അയാൾ വാതിൽതുറന്ന് അകത്ത്കയറി ,വീട് ആകമാനം ഒന്ന് കണ്ണോടിച്ചു .അപ്പോഴാണ് രവിയുടെ മനസ്സിനെ ഞടുക്കുന്ന ആ കാഴ്ചഅയാൾ കണ്ടത് ,ശ്വാസമറ്റ തന്റെ അമ്മയുടെ ശരീരം;ഒപ്പം കൈയിൽ പഴയ ആൽബവും .രവി അതെടുത്തു,തന്റെ പഴയകാല ചിത്രങ്ങളണ് അതിൽ;രാവിലെ അമ്മയെ പറഞ്ഞവാക്കുകളും അമ്മയുടെ മുഖവും രവിയുടെമനസ്സിൽ മിന്നിമറഞ്ഞു

.വേദനയോടെയാണെങ്കിലുംഅയാൾകർമ്മങ്ങൾചെയ്തു.പിന്നീട്ആകെനിശാന്തമായ;കളിചിരികളില്ലാതെനിശബ്ദമായവീട്ശവപ്പറമ്പ്പോലായി..രവിഅമ്മയേയുംഓർത്ത്ആകാശത്തേക്ക്നോക്കിയിരിക്കുകയായിരുന്നു. .ചന്ദ്രന്റെയും നക്ഷത്രങ്ങളുടെയും കൂടെ അന്നൊരു അതിഥികൂടിയുണ്ടായിരുന്നു .അത് രവിയെ നോക്കിപ്പുഞ്ചിരിച്ചു കൊണ്ടിരുന്നു .

ഫാത്തിമത്തുൽ ഫഹ്മിത

8 .ബി





# പ്രകൃതി



പച്ചവിരിപ്പിട്ട  പ്രകൃതി നിന്നെ-
കാണാ നെന്തു രസം
കാടും തോടും വയലും പുഴയും
നിറഞ്ഞുനിൽക്കും പ്രകൃതി
സുന്ദരിയാണ് സുന്ദരിയാണ്
പ്രകൃതിയെന്നും സുന്ദരിയാണ്

സുഗന്ധമാർന്നൊരു  മണ്ണിൻ
മണവും നമ്മൾക്കേകും പ്രകൃതി
മണ്ണും ജലവും സൂര്യപ്രകാശവും
നമ്മൾക്കേകും പ്രകൃതി......................
സുന്ദരിയാണ് സുന്ദരിയാണ്
പ്രകൃതിയെന്നും സുന്ദരിയാണ്.

പലതരം വർണങ്ങൾ പാറിപ്പറക്കുന്നു
പലപല നാടായി പാറിപ്പറക്കുന്നു.
എന്തൊരദ്ഭുതം എന്തുഭംഗി
എനിയെന്നും കാണും നാം ഈയൊരുലോകം

അനശ്രീ .ബി
9.എ









# പ്രദേശികം

## പുതുക്കൈ ശ്രീ സദാശിവ ക്ഷേത്രം

ഉത്തരകേരളത്തിലെ അറിയപ്പെടുന്നതും പ്രാചീനവുമായ ശിവക്ഷേത്രങ്ങളിലൊന്നാണ് പുതുക്കൈ ശ്രീ സദാശിവക്ഷേത്രം. ഐതീഹ്യങ്ങളിലൂടെ പരാമർശിക്കപ്പെട്ട പ്രകാരം പാശുപതാസ്ത്രത്തിന് വേണ്ടി കഠോര തപസ്സ് അനുഷ്ഠിച്ച അർജ്ജുനനെ പരീക്ഷിക്കാൻ കാട്ടാളവേഷം ധരിച്ച് സാക്ഷാൽ സദാശിവമൂർത്തി തപസ്സ് മുടക്കാൻ ശ്രമിച്ചെന്നും കോപിഷ്ടനായ അർജ്ജുനൻ കാട്ടാളനുമായി യുദ്ധം ചെയ്യുകയും ഒടുവിൽ താൻ യുദ്ധത്തിലേർപ്പെട്ടത് സാക്ഷാൽ പരമശിവനോടാണെന്ന് മനസ്സിലാക്കി .അവസാനംഅർജ്ജുനൻ ക്ഷമചോദിക്കുകയും യുദ്ധത്തിൽ ശിവനേറ്റ മുറിവിൽ നെയ്യഭിഷേകം അർപ്പിക്കുകയും ചെയ്തു .അങ്ങനെയുള്ള സാക്ഷാൽ കിരാതമൂർത്തിയും പാർവതിദേവിയുമാണ് ഈ ക്ഷേത്രത്തിലെ ചൈതന്യം .

ആദിത്യ.പി.വി.
8 .ബി







# നന്ദി

**ഞങ്ങളുടെ ഈ ഡിജിറ്റൽ മാഗസീനുവേണ്ടി സൃഷ്ടികൾ തന്നവർക്കും മാഗസീന് ആവശ്യമായ സാങ്കേതികസഹായം തന്നവർക്കും ഞങ്ങൾ ലിറ്റിൽ കൈറ്റ്സിന്റെ അംഗങ്ങളുടെ വക ഹൃദയംനിറഞ്ഞ നന്ദി.........**